പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1523

05/12/2014 -ൽ
മറുപടിയ്ക്ക്

**മിഷൻ 676 നടപ്പാക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>'' ഡൊമിനിക് പ്രസന്റേഷൻ<br>'' വർക്കല കഹാർ<br>'' കെ.സിവദാസൻ നായർ | ശ്രീ.കെ.സി..ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) മിഷൻ 676 പദ്ധതികളുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത സംരംഭം മുഖേന എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) ഉണ്ട്. പദ്ധതി പ്രഖ്യാപിച്ചപ്പോൾ ഈ സർക്കാരിന്റെ കാലാവധി അവസാനിക്കാൻ 676 ദിവസങ്ങളാണ് ഉണ്ടായിരുന്നത്. ഈ കാലയളവിനുള്ളിൽ പൂർണ്ണമായും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നടപ്പിലാക്കാൻ കഴിയുന്നതും, ജനങ്ങൾക്ക് കുടുതൽ പ്രയോജനകരവുമായ പദ്ധതികൾക്ക് മുൻഗണന നൽകി നിശ്ചിത കാലയളവിനുള്ളിൽ നടപ്പിലാക്കുകയെന്നതാണ് ഇതിന്റെ മുഖ്യ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (സി) ഏതെല്ലാം വകുപ്പുകളുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) മിഷൻ 676-ൽ ഉൾപ്പെട്ട പദ്ധതികളുടെ വിവരം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) മിഷൻ 676-ൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ